വായ്പയായി അനുവദിക്കുന്നതാണ്. ഇപ്രകാരം 30,000 രൂപയുടെ മൂലധന ശേഷി ഉണ്ടാകുന്ന പ്രസ്തുത വ്യവസായ സംരംഭത്തിന് 70,000 രൂപ വരെ ലോൺ ആയി കെ. എഫ്. സി. അനുവദിക്കും. ഒരുലക്ഷം രൂപ നിരക്കിൽ മൂലധന നിക്ഷേപം സ്വരൂപിക്കുന്ന ഈ പദ്ധതിയിലൂടെ തൊഴിൽരഹിതരായ യുവജനങ്ങൾക്കുവേണ്ടി അടുത്തവർഷം 2000 വ്യവസായ സംരംഭങ്ങൾ ഏർപ്പെടുത്തുന്നതാണ്. തൊഴിലില്ലായ്മവേതനം ലഭിക്കാത്തവരും നിർദ്ദിഷ്ട യോഗ്യതകളുള്ളവരുമായ യുവാക്കൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. പക്ഷേ, അവർ 10,000 രൂപ മാർജിൻ മണിയായി മുടക്കേണ്ടിവരും. അവരെ സംബന്ധിച്ചും മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ മാറ്റം ഉണ്ടായിരിക്കുന്നതല്ല. വ്യവസായം സ്ഥാപിച്ചു നടത്തുന്നതിന് ആവശ്യമായ ഉത്തേജനവും പരിശീലനവും പരിരക്ഷയും നൽകുന്ന ബൃഹത്തായ ഈ പരിപാടി കെ. എഫ്. സി. മുഖേന നടപ്പാക്കുന്നതാണ്. ഇതിലേക്ക് ഒരുകോടി രൂപ മാറ്റിവയ്ക്കുന്നു.

നെൽക്കൃഷി വികസന അതോറിറ്റി :

50. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യവിളയാണ് നെല്ല്. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ നെൽക്കൃഷിക്ക് നിർണ്ണായക പ്രാധാന്യമുണ്ട്. എന്നാൽ പ്രതിവർഷം 30 ലക്ഷം ടൺ അരി കേരളത്തിന് ആവശ്യമുണ്ടെങ്കിലും 12 ലക്ഷം ടൺ മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നത്. ബാക്കി മുഴുവൻ അന്യ സംസ്ഥാനങ്ങളിൽനിന്ന് നാം ഇറക്കുമതി ചെയ്യുകയാണ്. ഇതിലേക്ക് പ്രതിവർഷം 700 കോടിയോളം രൂപ നാം ചെലവുചെയ്യുന്നു. കേരളീയർ നൂറ്റാണ്ടുകളായി നെൽക്കൃഷിയിൽ ഏർപ്പെട്ടിരുന്നവരാണെങ്കിലും കാലം കഴിയുംതോറും നെൽക്കൃഷിക്കു വിനിയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയാണ്. 1974-75-ൽ 8.81 ലക്ഷം ഹെക്ടറിൽ നെല്ല് കൃഷിചെയ്തിരുന്നു. പക്ഷേ, 1985-86 ആയപ്പോഴേക്കും അത് 7.07 ലക്ഷം ഹെക്ടറായി കുറഞ്ഞു. 1972-73-ൽ 13.76 ലക്ഷം ടൺ അരി ഉത്പാദിപ്പിച്ചിരുന്ന കേരളത്തിൽ 1985-86 ആയപ്പോഴും അരിയുൽപ്പാദനം 12.33 ലക്ഷം ടൺ ആയും കുറഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട വിത്തിനങ്ങളും ഉപയോഗിക്കുകയും, ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങളും അവലംബിക്കുകയും ചെയ്തതുമൂലം നെല്ലുൽപ്പാദനത്തിന്റെ നിരക്കിൽ വർദ്ധനയുണ്ടായിരുന്നില്ലെങ്കിൽ സ്ഥിതി ഇതിനേക്കാളും മോശമാകുമായിരുന്നു. അരിയുടെ ശരാശരി ഉത്പാദന ചെലവ് ക്വിന്റലിന് 3,260 രൂപയായിരിക്കേ വിപണിയിൽ അതിനു ലഭിക്കുന്ന വില 3,850 രൂപ മാത്രമാണ്. അതിനാൽ നെല്ല് കൃഷി ചെയ്തിരുന്ന സ്ഥലങ്ങളും കൂടുതൽ ആദായകരമായ മറ്റു വിളവുകൾക്കായി വിനിയോഗിക്കുന്ന പ്രവണത വ്യാപിച്ചുവരുന്നു. എന്നാൽ ഈ രംഗത്ത് കഴിഞ്ഞ കാലത്തു സംഭവിച്ച ഈ മാറ്റത്തിന്റെ കാരണങ്ങളും ആഴത്തിൽ അപഗ്രഥിക്കാനും അവയ്ക്കു പ്രായോഗിക പരിഹാരങ്ങളും നിർദ്ദേശിക്കാനും നമുക്കു കഴിഞ്ഞിട്ടില്ല. ശാസ്ത്രീയാടിസ്ഥാനത്തിൽ സമഗ്രമായി നെൽക്കൃഷി വികസിപ്പിക്കാനും നെല്ല് കൃഷിചെയ്യുന്ന വിവിധ പ്രാദേശിക മേഖലകളെ സമുദ്ധരിക്കാനും, കേരളത്തിന്റെ ഈ ഭക്ഷ്യവിള കൂടുതൽ വ്യാപകമായി കൃഷി ചെയ്യുന്നതിനു പ്രേരകമായ നടപടികളും സ്വീകരിക്കാനും ഇനി വൈകിക്കൂടാ. അതിനാൽ ഈ വിഷയത്തെക്കുറിച്ച് സമഗ്രപഠനം നടത്താനും ആ പഠനത്തിന്റെ ഫലമായുണ്ടാകുന്ന നിഗമനങ്ങളും ഫലപ്രദമായി കൈകാര്യം ചെയ്യുവാനുമുള്ള ഒരു വിദഗ്ദ്ധ സമിതി ഈ രംഗത്ത് നിലവിൽ വരേണ്ടിയിരിക്കുന്നു. വരുന്ന കാൽ ശതാബ്ദക്കാലമെങ്കിലും മുന്നിൽക്കണ്ടുകൊണ്ട് നമ്മുടെ കാർഷികമേഖലയിലെ മറ്റൊരു വിഭാഗത്തിന്റെയും പ്രാധാന്യം കുറച്ചു കാണാതെ, നെൽക്കൃഷിയുടെ സാമ്പത്തിക ഭദ്രതയും ഭാവിയും ഉറപ്പുവരുത്തുവാനുള്ള നടപടികൾക്ക് നിർദ്ദിഷ്ട സംഘടന രൂപം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

കേവലം മറെറാരു ഡിപ്പാർട്ടുമെൻറോ കോർപ്പറേഷനോ ഒക്കെയായി മാറുന്ന ഒരു ബ്യൂറോക്രാററിക് ചട്ടക്കൂടല്ല എൻെറ സങ്കൽപ്പത്തിലുള്ളത്. നേരേമറിച്ച്, പ്രഗത്ഭരും പ്രശസ്തരുമായ ധനകാര്യ വിദഗ്ദ്ധരും കാർഷിക ശാസ്ത്രജ്ഞരും ഭരണതന്ത്രജ്ഞരും അടങ്ങുന്ന ഒരു ഉന്നത സംവിധാനമാണ്. സംസ്ഥാനത്തിൻെറ കാർഷിക സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായിത്തീരേണ്ട നെക്കൃഷി സമുദ്ധരിക്കുന്നതിനുള്ള ബൃഹത്തായ പരിപാടികൾ ആവിഷ്ക്കരിക്കാൻ ഈ സമിതിക്കുകഴിയണം. ഈ ലക്ഷ്യം മുൻനിർത്തി പഠിക്കാനും ചിന്തിക്കാനും പ്രവർത്തിക്കാനും സ്വാതന്ത്ര്യമുള്ള ഒരു നെൽക്കൃഷിവികസന അതോറിറി രൂപീകരിക്കുന്നതാണ്. അതിൻെറ പ്രാരംഭപ്രവർത്തങ്ങൾക്കായി 1986-87-ൽ ഒരു കോടി രൂപ മാററിവയ്ക്കുന്നു.

തൊഴിലാളി ക്ഷേമനിധി

51. സാമ്പത്തിക ക്ലേശമനുഭവിക്കുന്ന കർഷകത്തൊഴിലാളികളുടെയും ഇതര ഗ്രാമീണ തൊഴിലാളികളുടെയും ഉന്നമനം ഒരു ക്ഷേമരാഷ്ട്രത്തിൻെറ ഏറെറവും വലിയ ചുമതലയാണ്. നിലവിലുള്ള കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി ഈ ലക്ഷ്യത്തിലേക്കുള്ള ഒരു സുപ്രധാന കാൽവയ്പായിരുന്നു. അതോടൊപ്പം മറുവിഭാഗം തൊഴിലാളികൾക്കുകൂടി ആശ്വാസം നൽകുന്നതിന് ഒരു ക്ഷേമ പദ്ധതി ഏർപ്പെടുത്തേണ്ടതു് ആവശ്യമാണെന്ന്, ഗവൺമെൻറ് കരുതുന്നു. അതിനാൽ 18 വയസ്സിനും 58 വയസ്സിനും മദ്ധ്യേ പ്രായവും 3,000 രൂപയിൽ കവിയാത്ത വാർഷിക വരുമാനവുമുള്ള ഗ്രാമീണ തൊഴിലാളികൾക്ക് മൊത്തത്തിൽ പ്രയോജനം ലഭിക്കത്തക്കവിധം ഒരു ക്ഷേമ പദ്ധതി നടപ്പാക്കുന്നതാണ്. ഈ പട്ടികപാടി പ്രകാരം രൂപീകരിക്കുന്ന നിധിയിൽ പ്രതിമാസം ഓരോ ഗ്രാമീണ തൊഴിലാളിയും അഞ്ചുരൂപ നിരക്കിൽ നിക്ഷേപിക്കേണ്ടതാണ്. ആ തുകയുടെ അഞ്ചിലൊന്ന് ഗവൺമെൻറിൻെറ വിഹിതമായി പ്രസ്തുത നിധിയിലേക്ക് സംഭാവന ചെയ്യും. ഇപ്രകാരം 40 വർഷത്തെ തുടർച്ചയായ നിക്ഷേപത്തിനുശേഷം പദ്ധതിയിൽനിന്നും വിരമിക്കുന്ന ഓരോ തൊഴിലാളിക്കും 50,000 രൂപ നിധിയിൽനിന്നു ലഭിക്കുന്നതായിരിക്കും. നിക്ഷേപകൻ ഇടയ്ക്കുവച്ചു സ്വമേധയാ പദ്ധതിയിൽനിന്നു വിരമിക്കുന്ന പക്ഷം ആ ആളിൻെറ നിക്ഷേപത്തിന് ആനുപാതികമായി അർഹതയുള്ള തുക നൽകുന്നതായിരിക്കും. പദ്ധതിയിൽ ചേർന്ന് ഒരു വർഷമെങ്കിലും നിക്ഷേപം നടത്തുന്നവർക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. സുപ്രധാനമായ ഈ സാമൂഹ്യ സുരക്ഷിതത്വപദ്ധതിയുടെ നിർവഹണം ഗ്രാമീണ ബാങ്കുകളുടേയും സർവ്വീസ് ബാങ്കുകളുടേയും ദേശസാൽകൃത ബാങ്കുകളുടെയും സഹകരണത്തോടെ നടത്തുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. പദ്ധതിയിൽ ചേരുന്ന അംഗങ്ങൾ ബന്ധപ്പെട്ട ബാങ്കിംഗ് സ്ഥാപനത്തിൽ തങ്ങളുടെ വിഹിതം നിക്ഷേപിക്കേണ്ടതും ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്നതുമാണ്. ഗ്രാമീണ തൊഴിലാളിക്ക് ജീവിതസുരക്ഷിതത്വം പ്രദാനം ചെയ്യുന്ന ഈ നിധി മുഖേന പത്ത് ലക്ഷം തൊഴിലാളി കുടുംബങ്ങൾക്കെങ്കിലും പ്രയോജനം ലഭിക്കുമെന്ന് ഗവൺമെൻറ് പ്രത്യാശിക്കുന്നു. ഇതിലേക്ക് ഒരു കോടി രൂപ മാറിവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly